(ബി) സംസ്ഥാന സഹകരണ ബാങ്കുകളിലെ സേവന വേതന വ്യവസ്ഥകൾ പുതുക്കുവാൻ 1998-ൽ നിയമിച്ച ഏകാംഗ കമ്മീഷൻ (സി. വി. നായർ കമ്മീഷൻ) റിപ്പോർട്ടിലെ ശുപാർശ പ്രകാരം പെൻഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ ബാങ്കുകളിൽനിന്നും മുന്പ് വിരമിച്ചവരെപ്പറ്റി പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടല്ലാതെ മറ്റ് ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ലഭ്യമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടില്ല

(ബി)—(സി) സി. വി. നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം പെൻഷൻ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കേന്ദ്ര/അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആൾട്ടർനേറ്റീവ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് നിയുക്തമായ ശ്രീ. എം. കെ. കണ്ണൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വർൾച്ച ബാധിത ജില്ലകൾ

99 [1319] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾ വർൾച്ച ദുരിതാശ്വാസ സഹായ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) വർൾച്ച ബാധിത ജില്ലയായി പ്രഖ്യാപിക്കാനുള്ള മാനദണ്ഡം എന്താണ് ;

(സി) താലൂക്കുകൾ യൂണിറ്റായി പരിഗണിച്ച് വരൾച്ച ബാധിത താലൂക്കുകളായി പ്രഖ്യാപിക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(ഡി) വരൾച്ച/ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ജില്ലകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ (2004-05) സംസ്ഥാനത്ത് ഒരു ജില്ലയേയും വർൾച്ചാ ദുരിതാശ്വാസ സഹായ ജില്ലകളായി പ്രഖ്യാപിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബന്ധപ്പെട്ട തഹസിൽദാർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ 1965-ലെ കേരള ഫാമിൻ റിലീഫ് റൂൾ പ്രകാരമാണ് ഒരോ പ്രദേശത്തേയും വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നത്.

(സി) താലൂക്ക് മുഴുവൻ വരൾച്ച ബാധിച്ചതായി ജില്ലാ കളക്ടർ റിപ്പോർട്ടു നൽകിയാൽ ടി താലൂക്കുകളെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാറുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പ്ലാൻഫണ്ട് അഡ്വാൻസ് തിരിച്ചുപിടിക്കുവാൻ നടപടി

100 [1320] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ നൽകുന്ന റവന്യൂ റിക്കവറി പ്രൊപ്പോസലുകൾ ജില്ലാ കളക്ടർമാർ തിരിച്ചയക്കുന്നത്, പ്ലാൻ ഫണ്ട് അഡ്വാൻസായും മറ്റും നൽകിയത് തിരിച്ചു പിടിക്കുവാൻ കഴിയാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളുടെ റവന്യൂ റിക്കവറി പ്രൊപ്പോസലുകളാണ് തിരിച്ചയച്ചത് ;

(സി) പ്ലാൻഫണ്ടായും മറ്റുമുള്ള കോടിക്കണക്കിന് രൂപ തിരിച്ചുപിടിക്കാനാകാത്ത സാഹചര്യം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമല്ലാത്തതുകൊണ്ടാണ് അവരുടെ റവന്യൂ റിക്കവറി പ്രൊപ്പോസലുകൾ മടക്കിയത്.

(ബി) 1. തൃക്കടവൂർ
2. പെരിനാട്
3. കല്ലുവാതുക്കൽ
4. ഈസ്റ്റ് കല്ലട
5. പാത്തന്നൂർ
6. പവിത്രേശ്വരം

LIBRARY ARCHIVES Kerala Legislative Assembly